## പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1179** **06.02.2020 ൽ മറുപടിക്ക്**

### ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല

| ചോദ്യം<br>ശ്രീ.വി.എസ്.ശിവകുമാർ | | മറുപടി<br>ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ വഞ്ചിയൂരുള്ള പ്രാദേശിക കേന്ദ്രത്തിന്റെ കെട്ടിട നിർമ്മാണത്തിനായി തിരുവനന്തപുരം നിയോജകമണ്ഡലത്തിലെ ആസ്തി വികസന സ്കീമിൽ നിന്നും 30 ലക്ഷം രൂപ അനുവദിക്കുകയും 17.02.2016 ഇതിലേയ്ക്കായി ഭരണാനുമതി പുറപ്പെടുവിക്കുകയും ചെയ്തിരുന്നോ; | (എ) | ഉണ്ട്. ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ വഞ്ചിയൂരുള്ള പ്രാദേശിക കേന്ദ്രത്തിന്റെ കെട്ടിട നിർമ്മാണത്തിനായി തിരുവനന്തപുരം നിയോജകമണ്ഡലത്തിലെ ആസ്തി വികസന സ്കീമിൽ ഉൾപ്പെടുത്തി G.O (Rt)No.489/2016/HEdn തീയതി 17/02/2016 പ്രകാരം 30 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | എങ്കിൽ മൂന്നരവർഷം പിന്നിട്ടിട്ടും പൊതുമരാമത്ത് (കെട്ടിട വിഭാഗം) വകുപ്പ് ഇക്കാര്യത്തിൽ യാതൊരു നടപടിയും സ്വീകരിക്കാത്ത സാഹചര്യത്തിൽ അടിയന്തിര നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോ; | (ബി) & (സി) | സർവ്വകലാശാലയുടെ വഞ്ചിയൂരുള്ള പ്രാദേശിക കേന്ദ്രത്തിൽ ഭാവിയിൽ പുതിയ കെട്ടിടങ്ങൾ നിർമ്മിക്കാൻ സ്ഥലം ലഭ്യമല്ലാത്തതിനാൽ നിലവിൽ ലഭ്യമായ സ്ഥലത്ത് ഒരു 3 നില കെട്ടിടം നിർമ്മിക്കണമെന്ന് സർവ്വകാലശാല ആവശ്യപ്പെടുകയും ആയതിനായി Structural drawing സർവ്വകലാശാല തയ്യാറാക്കി നൽകുകയും ചെയ്തു. ലഭ്യമായ Soil Investigation Report പ്രകാരം പ്രസ്തുത സ്ഥലത്ത് പൈൽ ഫൗണ്ടേഷൻ ആണ് പ്രൊപ്പോസ് ചെയ്തിരിക്കുന്നത്. എന്നാൽ സർവ്വകലാശാല നൽകിയ ഡ്രോയിംഗ് ഇതിന് അനുവദിച്ചിട്ടുള്ളതല്ല എന്നതിനാൽ പൊതുമരാമത്ത് വകുപ്പ് മുഖാന്തിരം Architectural and structural drawing തയ്യാറാക്കുന്നതിന് |
| സി) | പദ്ധതി എത്രയുംവേഗം പൂർത്തീകരിക്കുന്നതിന് പൊതുമരാമത്ത് അടിയന്തിര നടപടി സ്വീകരിക്കുമോ? | | |

പ്രൊപ്പോസൽ ലഭ്യമാക്കുകയും ആയതിൻ പ്രകാരം PWD Architectural Wing- ൽ നിന്നും 22/01/2020 -ന് പ്ലാൻ തയ്യാറാക്കുകയും ആയത് അംഗീകാരത്തിനായി 31/01/2020 ന് സർവ്വകലാശാലയ്ക്ക് നൽകുകയും ചെയ്തിട്ടുണ്ട്. അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് അടിയന്തരമായി അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**